പത്രക്കുറിപ്പ് (19-12-2017)

സമീപ ദിവസങ്ങളിൽ എറണാകുളം ജില്ലയിലെ ടൌൺ നോർത്ത് പോലീസ് സ്റ്റേഷൻ പരിധിയിലും ഉള്ള രണ്ട് വീടുകളിൽ അന്യസംസ്ഥാനക്കാരെന്ന് സംശയിക്കുന്ന ഒരു സംഘം ആളുകൾ അതിക്രമിച്ച് കയറി വീട്ടുകാരെ ഉപദ്രവിച്ച് കൊള്ള നടത്തിയ സംഭവം ഉണ്ടായിട്ടുള്ളതാണ്. ഇത്തരം സംഭവങ്ങൾ തൃശ്ശൂർ സിറ്റി പോലീസ് പരിധിയിൽ ഉണ്ടാകുന്നത് തടയുന്നതിനായി മൊബൈൽ പട്രോളിങ്ങിന് പുറമെ ഫുട്ട് പട്രോളിങ്ങ്, ബൈക്ക് പട്രോളിങ്ങ് എന്നിവ ഏർപ്പെടുത്തി പോലീസ് പട്രോളിങ്ങ് ശക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം പോലീസ് പട്രോളിങ്ങ് സംഘങ്ങളുടെ സേവനം 24 മണിക്കൂറും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. കൂടാതെ ഇത്തരം സംഘങ്ങളെ നിരീക്ഷിക്കുന്നതിനായി പരിചയ സമ്പന്നരായ ഷാഡോ പോലീസ് അംഗങ്ങളെയും വിന്യസിച്ചിട്ടുള്ളതുമാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് കൈകൊള്ളുന്ന നടപടികൾക്കൊപ്പം പൊതുജനങ്ങളുടെ ഭാഗത്തുനിന്നും സഹകരണവും, സുരക്ഷാ മുൻകരുതലും അനിവാര്യമായതിനാൽ പൊതുജനങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കണെന്ന് അഭ്യർത്ഥിക്കുന്നു.

- ക്രിസ്തുമസ്, പുതുവത്സരം പ്രമാണിച്ച് യാത്ര പോകുന്നയാളുകൾ വീട് പൂട്ടി പോകുമ്പോൾ അക്കാര്യം അടുത്ത പോലീസ് സ്റ്റേഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. പോലീസ് പട്രോളിങ്ങ് സമയത്ത് ഇത്തരം വീടുകൾ പോലീസ് പ്രത്യേകം നിരീക്ഷിക്കുന്നതാണ്.
- ക്രിസ്തുമസ് ദിനത്തോടനുബന്ധിച്ച് വീട്പൂട്ടി പാതിരാ കുർബ്ബാക്ക് പോകുന്ന സമയം മോഷണം നടത്തുവാൻ മോഷ്ടാക്കൾ ശ്രമിക്കുമെന്നതിനാൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
- പ്രായമുള്ള ആളുകൾ മാത്രം താമസിക്കുന്ന വീടുകളെ പറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ടവർ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.
- വീട്ടിൽ ആൾ താമസില്ലാത്ത ദിവസങ്ങളിൽ പത്രം, പാൽ എന്നിവ മുറ്റത്ത് അലക്ഷ്യമായി കിടക്കുന്നത് കണ്ടുവരുന്നുണ്ട്. ഇത്തരം വീടുകളിൽ ആളുകൾ ഇല്ലായെന്ന് ഉറപ്പിക്കുവാൻ മോഷ്ടാക്കൾക്ക് ഇത് മൂലം സാധിക്കുന്നതാണ്. ആയതിനാൽ ഇത്തരം ദിവസങ്ങളിൽ പാൽ, പത്രം എന്നിവ താത്ക്കാലികമായി നിറുത്തലാക്കുകയോ, അയൽവാസികളോട് ശേഖരിച്ച് വയ്ക്കുവാൻ അറിയിപ്പ് നൽകുകയോ ചെയ്യേണ്ടതാണ്.
- വീട്ടു പൂട്ടി പോകുന്ന സമയം വീടിനുപുറത്തെ ലൈറ്റുകൾ പകൽ സമയങ്ങളിൽ ഓഫാക്കുന്നതിന് അയൽവാസികളെ ഏർപ്പാട് ചെയ്യേണ്ടതാണ്.
- മോഷ്ടാക്കൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള ഇരുമ്പ് പാരകൾ , മഴു മുതലായ തരത്തിലുള്ള ഉപകരണങ്ങൾ വീടിനുപുറത്ത് സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

- ഭൂരിഭാഗം മോഷ്ടാക്കളും വീടിന്റെ പുറകു വശത്തെ വതിൽ തള്ളിത്തുറന്നാണ് വീടിനകത്തേയ്ക്ക് മോഷണത്തിനായി കയറുന്നത്. ആയതിനാൽ പുറം വാതിലുകൾ ഇരുമ്പ് പട്ട ഉപയോഗിച്ചും മറ്റും കൂടുതൽ സുരക്ഷിതമാക്കേണ്ടതാണ്.
- എന്തെങ്കിലും അനിഷ്ട സംഭവങ്ങളുണ്ടായാൽ വീട്ടിലെ മുഴുവൻ ലൈറ്റുകളും തെളിയുന്ന തരത്തിൽ മാസ്റ്റർ സ്വിച്ച് സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.
- രാത്രി കാലങ്ങളിൽ വീടിനു ചുറ്റുമുള്ള ലൈറ്റുകൾ പ്രകാശിപ്പിക്കുന്നത് മോഷണം തടയുന്നതിന് ഉപകരിക്കുന്നതാണ്.
- അസ്വഭാവികമായി തെരുവ് വിളക്കുകൾ അണയുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾ അക്കാര്യം ബന്ധപ്പെട്ട ഇലക്ട്രിസിറ്റി അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
- മോഷ്ടാക്കൾ പകൽ സമയങ്ങളിലും അക്രമങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അപരിചിതരായവർ വീട്ടിലേയ്ക്ക് വരുമ്പോൾ ജനലിൽകൂടി വീക്ഷിച്ചതിനുശേഷം മാത്രം മുൻവാതിൽ തുറക്കുന്നതാണ് ഉചിതം.
- ആക്രി സാധനങ്ങൾ ശേഖരിക്കുന്നതിനായി വീടുകളിൽ അപരിചിതർ വരികയാണെങ്കിൽ അത്തരക്കാരെ ശ്രദ്ധക്കേണ്ടതാണ്.
- വീടുകളിൽ വിലപിടിപ്പുള്ള സ്വർണ്ണാഭരണങ്ങളും, പണവും സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതും, അത്യാവശ്യമുള്ള സ്വർണ്ണാഭരണവും, പണവും മാത്രം സൂക്ഷിക്കേണ്ടതുമാണ്.
- വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിന് ബാങ്ക് ലോക്കർ സംവിധാനം ഉപയോഗിക്കുന്നത് ഗുണകരമാണ്.
- വീടുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് അപരിചിതരുടെയും, മോഷ്ടാക്കളുടെയും സാന്നിദ്ധ്യം മനസ്സിലാക്കുന്നതിന് ഗുണകരമാകുമെന്നതിനാൽ പൊതുജനങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ താത്പര്യം കാണിക്കേണ്ടതാണ്.
- നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള വീടുകളിൽ 24 മണിക്കൂറും ക്യാമറ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ആയതിന്റെ ബാക്ക് അപ്പ് പരമാവധി ദിവസം സൂക്ഷിക്കേണ്ടതുമാണ്.
- താരതമ്യേന ചിലവുകുറഞ്ഞ ബർഗ്ളർ അലറാം സംവിധാനം വീടുകളിൽ സ്ഥാപിക്കുന്നത് മോഷണം തടയുന്നതിന് ഉപകരിക്കുന്നതാണ്.
- അത്യാവശ്യ ഘട്ടത്തിൽ അയൽവാസികളുമായി ബന്ധപ്പെടുന്നതിന് അയൽവാസികളുടെ മൊബൈൽ നമ്പറുകൾ സ്പീഡ് ഡയൽ ആയി മൊബൈൽ ഫോണിൽ സെറ്റ് ചെയ്തു സൂക്ഷിക്കേണ്ടതാണ്.
- ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന തൊഴിലുടമകളും, വീട്ടുടമസ്ഥരും താമസക്കാരുടെ പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കേണ്ടതും, അതാത് പരിധിയിലെ പോലീസ് സ്റ്റേഷനിൽ കൈമാറേണ്ടതുമാണ്.

- ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിലും, ജോലി സ്ഥലങ്ങളിലും കുറ്റകൃത്യങ്ങൾ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി അന്യസംസ്ഥാനക്കാരായ കുറ്റവാളികൾ നുഴഞ്ഞുകയറി താമസിക്കുവാൻ ഇടയുള്ളതിനാൽ ഇക്കാര്യത്തെ പറ്റി തൊഴിലാളികൾക്കിടയിൽ തൊഴിലുടമകൾ അവബോധം ഉണ്ടാക്കേണ്ടതും, എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ അറിയിക്കേണ്ടതുമാണ്.
- റസിഡൻസ് അസോസിയേഷനുകൾ പൊതുവായ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ കൈകൊള്ളേണ്ടതാണ്.
- പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി 24 മണിക്കൂറും പോലീസ് സേവനം ലഭ്യമാകുന്ന തരത്തിൽ തൃശ്ശൂർ സിറ്റി പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സഹായത്തിനായി **100, 1091, 0487 2424111, 0487 2424193** എന്ന നമ്പറിൽ ഏതു സമയത്തും വിളിച്ച് ബന്ധപ്പെടാവുന്നതാണ്.

Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.